- നമ്മുടെ ഭദ്രാസനത്തിലെ മിഷൻ പ്രവർത്തനങ്ങളെ ഓർക്കാം. സത്യവാദി, ഗഡ്ഗേശ്വർ, പുന്നല, പൂതങ്കര, തറയിൽകടവ്, മണിവേലികടവ്, പുതുപ്പള്ളി എന്നീ മിഷൻ ഫീൽഡുകൾക്കായി പ്രാർത്ഥിക്കാം.

- ഭദ്രാസനത്തിൽ ഉൾപ്പെടുന്ന എല്ലാ സ്ഥാപനങ്ങളെയും ഓർക്കാം. പിടവൂർ ആശാഭവൻ, മണക്കാല ഗുരുകുലം, വവ്വാക്കാവ് ശാന്തിഭവൻ ഇവയ്ക്കായി പ്രാർത്ഥിക്കാം.

- അനുഗ്രഹ ഡി-അഡിക്ഷൻ, ആർദ്രത പെയിൻ ആൻഡ് പാലിയേറ്റീവ്, വിജയ വഴി, സ്പർശം കൗൺസിലിംഗ് പ്രോഗ്രാം എന്നിവയുടെ അനുഗ്രഹകരമായ നടത്തിപ്പിനായി പ്രാർത്ഥിക്കാം.

- ഇപ്പോൾ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്ന എലിപ്പക്കുളം സാന്ത്വന പരിചരണ കേന്ദ്രത്തിനായും, കലയപുരം മാർത്തോമ്മാ റസിഡൻഷ്യൽ സ്കൂളിനായും പ്രാർത്ഥിക്കാം.

- കോവിഡിന്റെ പ്രതിസന്ധിയിൽ കഴിയുന്ന എല്ലാവർക്കായും പ്രാർത്ഥിക്കാം. രോഗാവസ്ഥയിൽ കഴിയുന്നവർ, വേർപാടിന്റെ ദുഖത്തിലിരിക്കുന്നവർ, ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ടവർ എന്നിവർക്കായി പ്രാർത്ഥിക്കാം.

കരുണയുള്ള കർത്താവേ ഞങ്ങളുടെ അപേക്ഷ കേട്ടതിനായി സ്തോത്രം. അങ്ങയോടൊപ്പം ജീവിതാനുഭവങ്ങളെ അഭിമുഖീകരിപ്പാൻ ഞങ്ങളെ പ്രാപ്തരാക്കേണമേ.

*ആമേൻ*

**സമർപ്പണ പ്രാർത്ഥന (എല്ലാവരും ചേർന്ന്)**

ദൈവരാജ്യ കെട്ടുപണിക്കായി സഭയെ തെരഞ്ഞെടുത്ത ദൈവമേ, അങ്ങയുടെ ശുശ്രൂഷയ്ക്കായി, ഞങ്ങളെ ഉപയോഗിക്കേണമേ. ദൈവ സ്നേഹത്തിന്റെ അടയാളങ്ങളായും, ദൈവകൃപയുടെ ചാലകങ്ങളായും, ദൈവസാന്നിധ്യത്തിന്റെ സമീപ്യമായും, ഞങ്ങളെ രൂപപ്പെടുത്തണമെ. പ്രതിസന്ധികളിൽ തളരാതെയും, നേട്ടങ്ങളിൽ നിഗളിക്കാതെയും, പ്രതിഫലേച്ഛ കൂടാതെ, അവിടുത്തെ ദൗത്യത്തിൽ പങ്കാളികളാകാൻ, അങ്ങയുടെ പാദത്തിങ്കൽ, ഞങ്ങളെ സമർപ്പിക്കുന്നു. ആമേൻ.

# മലങ്കര മാർത്തോമ്മാ സുറിയാനി സഭ

## അടൂർ ഭദ്രാസനം

## ഭദ്രാസന ദിനം

**2021 ഒക്ടോബർ 10 ഞായർ**

## ആരാധനാക്രമം

**കൗമ്മാ**

**മഹത്ത്വീകരണം**

*ലീഡർ* - സർവ്വ ചരാചരങ്ങളുടെയും ഉടയവനായ പിതാവാം ദൈവമേ, സകലത്തിനും താളവും ക്രമവും നൽകി മനോഹരമായി ഈ പ്രപഞ്ചത്തെ സൃഷ്ടിക്കുകയും, എല്ലാം നല്ലത് എന്ന് കണ്ട് അനുഗ്രഹിക്കുകയും ചെയ്ത അവിടുത്തെ മഹത്വത്തെ ഞങ്ങൾ വാഴ്ത്തുന്നു. സകല സൃഷ്ടിയിലും, സഹജീവികളിലും ദൈവത്തിന്റെ ഉണ്മയും കരവിരുതും ദർശിക്കുവാൻ ഞങ്ങളുടെ കണ്ണുകളെ പ്രകാശിപ്പിക്കേണമേ.

പാപം മൂലം വിരൂപമാക്കപ്പെട്ട സൃഷ്ടിയെ ദൈവ സ്വരൂപത്തിൽ നിലനിർത്തുവാൻ, ദാസവേഷംപൂണ്ട്, കുരിശിലെ മരണത്തോളം തന്നെത്താൻ താഴ്ത്തിയ പുത്രനാം ദൈവമേ, ഞങ്ങൾ അങ്ങയെ മഹത്വപ്പെടുത്തുന്നു. ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ട മശിഹാ തമ്പുരാനേ, സാക്ഷ്യവഴികളിൽ അങ്ങയുടെ സഹനഭാവം ഉൾക്കൊള്ളുവാൻ, ഞങ്ങളെ സഹായിക്കേണമേ.

സകല സൃഷ്ടികളെയും നിരന്തരം പുതുക്കുകയും, നിയന്ത്രിക്കുകയും, നയിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവാം ദൈവമേ ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു. അങ്ങയുടെ ആത്മാവിന്റെ പ്രേരണകൾക്കനുസൃതമായി ജീവന്റെ പുതുക്കത്തിൽ മുന്നേറുവാൻ ഞങ്ങളെ സഹായിക്കേണമേ. പിതൃപുത്ര പരിശുദ്ധാത്മാവാം ത്രിയേക ദൈവമേ സ്തുതിയും ബഹുമാനവും വന്ദനവും പുകഴ്ചയും എന്നേക്കും അങ്ങേക്ക് യോഗ്യമായിരിക്കുന്നു. ആമേൻ...

## അനുതാപ പ്രാർത്ഥന

**"ഞാൻ നിർമ്മലനാകേണ്ടതിന്നു ഈസോപ്പ് കൊണ്ട് എന്നെ ശുദ്ധീകരിക്കേണമേ. ഞാൻ ഹിമത്തേക്കാൾ വെളുക്കേണ്ടതിന് എന്നെ കഴുകേണമേ."**

അനുതാപ ഹൃദയത്തോടെ പിന്നാലെയുള്ള പ്രാർത്ഥനകൾക്ക് ***"കരുണ തോന്നി ഞങ്ങളോട് ക്ഷമിക്കണമേ"*** എന്ന് പ്രതിവാക്യമായി പറയണം.

*ലീഡർ* - തലമുറകളിലേക്ക് വിശ്വാസപൈതൃകങ്ങളെ കൈമാറേണ്ട കണ്ണികളാണ് ഞങ്ങൾ എന്നറിഞ്ഞിട്ടും, ആരാധനയേയും, ദൈവവചന പഠനത്തേയും, പരസ്പര കൂട്ടായ്മയേയും അവഗണിക്കുകയും, പ്രതികൂല സാഹചര്യങ്ങളെ അലസതയുടെ അവസരങ്ങളാക്കിത്തീർക്കുകയും ചെയ്തുപോയ കുറവിനെ. ദൈവമേ...

*പ്രതിവാക്യം* - ***'കരുണ തോന്നി ഞങ്ങളോട് ക്ഷമിക്കണമേ"***

*ലീഡർ* - ജീവൻ നിലനിർത്തുന്നതിനാവശ്യമായ പ്രകൃതിവിഭവങ്ങൾപോലും മലിനപ്പെട്ടുകൊണ്ടിരിക്കുന്നു എന്നറിഞ്ഞിട്ടും ലാഘവബുദ്ധിയോടെ സങ്കീർണ്ണമായ പരിസ്ഥിതി പ്രശ്നങ്ങളെ കാണുകയും, പ്രകൃതിയെ ചൂഷണം ചെയ്യുന്നതിനെതിരെ മൗനം അവലംബിക്കുകയും ചെയ്തതിലൂടെ, ദൈവം സൃഷ്ടിച്ച ലോകത്തെ വികലമാക്കിക്കൊണ്ടിരിക്കുന്ന ഞങ്ങളുടെ കുറവിനെ ദൈവമേ...

*പ്രതിവാക്യം* - ***'കരുണ തോന്നി ഞങ്ങളോട് ക്ഷമിക്കണമേ"***

*ലീഡർ* - ഈ മഹാമാരിയുടെ നടുവിൽ "ഞങ്ങൾക്ക് ആരുമില്ല" എന്ന വേദനയിൽ കഴിയുന്ന അനേകർ പാർശ്വവൽക്കരിക്കപ്പെട്ടവരായി ഞങ്ങളുടെ ചുറ്റും പാർക്കുമ്പോൾ, കണ്ണുണ്ടായിട്ടും കാണാത്തവരായി, ചെവിയുണ്ടായിട്ടും കേൾക്കാത്തവരായി സൗകര്യപൂർവ്വം അവരെ അവഗണിക്കുകയും ഞങ്ങളുടെ മാത്രം സുരക്ഷിതത്വം ലക്ഷ്യമാക്കി സ്വാർത്ഥ മോഹങ്ങൾക്ക് അടിമപ്പെട്ടുപോയ കുറവിനെ ദൈവമേ...

*പ്രതിവാക്യം* - ***'കരുണ തോന്നി ഞങ്ങളോട് ക്ഷമിക്കണമേ"***

*ലീഡർ* - തിന്മയോട് തോൽക്കാതെ നന്മയാൽ തിന്മയെ ജയിക്കേണ്ടവരാണ് ഞങ്ങൾ എന്നറിഞ്ഞിട്ടും, താൽക്കാലിക നേട്ടങ്ങൾക്കുവേണ്ടി അഴിമതികളോടും, അനീതികളോടും, തിന്മകളോടും സമരസപ്പെട്ടു പോവുകയോ, മൗനം പാലിക്കുകയോ ചെയ്തു, ക്രൈസ്തവ മൂല്യങ്ങളെ നിലനിർത്തുന്നതിൽ പരാജയപ്പെട്ടുപോയ ഞങ്ങളുടെ കുറവിനെ ദൈവമേ...

*പ്രതിവാക്യം* - ***'കരുണ തോന്നി ഞങ്ങളോട് ക്ഷമിക്കണമേ"***

## സ്തോത്രപ്രാർത്ഥന

**"യഹോവയെ സ്തുതിപ്പിൻ നമ്മുടെ ദൈവത്തിന് കീർത്തനം പാടുന്നത് നല്ലത് അതു മനോഹരവും സ്തുതി ഉചിതവും തന്നെ."**

തുടർന്നുള്ള ഓരോ പ്രാർത്ഥനയ്ക്കും ശേഷം "**ഞങ്ങൾ അങ്ങേയ്ക്ക് സ്തോത്രം ചെയ്യുന്നു**" എന്ന് പ്രതിവാക്യമായി പറയണം.

*ലീഡർ* - മലങ്കരയിൽ ക്രിസ്തീയ വിശ്വാസത്തിന് അടിത്തറപാകിയ സഭാപിതാക്കന്മാർക്കായും, വിവിധ സന്ദർഭങ്ങളിൽ ജീർണ്ണിച്ച് പോകാവുന്ന വിശ്വാസത്തെ ജീവസ്സുറ്റതാക്കി മാറ്റിയ നവീകരണ കർത്താക്കൾക്കായും, ഈ വിശ്വാസത്തെ ചൈതന്യവത്താക്കിയ ഞങ്ങളുടെ മാതാപിതാക്കൾക്കായും അവരുടെ പ്രാർത്ഥനാ അനുഭവങ്ങൾക്കായും ദൈവമേ...

*പ്രതിവാക്യം* - **ഞങ്ങൾ അങ്ങേയ്ക്ക് സ്തോത്രം ചെയ്യുന്നു**

*ലീഡർ* - അടൂർ ഭദ്രാസനത്തിന് കഴിഞ്ഞ 40 വർഷം നേതൃത്വം നൽകിയ എല്ലാവർക്കായും ഇന്ന് ഞങ്ങളെ നയിക്കുന്ന അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലൊസ് തിരുമേനിക്കായും, ഭദ്രാസനത്തിലെ പട്ടക്കാർ, സുവിശേഷകർ, സേവിനിമാർ, വിശ്വാസസമൂഹം എന്നിവർക്കായും ദൈവമേ...

*പ്രതിവാക്യം* - **ഞങ്ങൾ അങ്ങേയ്ക്ക് സ്തോത്രം ചെയ്യുന്നു.**

*ലീഡർ* - കോവിഡ് മഹാമാരിയുടെ നടുവിൽ ജീവന്റെ സംരക്ഷണത്തിനു വേണ്ടി പോരാടുന്ന എല്ലാ ആരോഗ്യപ്രവർത്തകർക്കായും, രോഗ പ്രതിരോധ സംവിധാനങ്ങൾ കണ്ടെത്തുന്ന ശാസ്ത്രലോകത്തിനായും, ക്രമസമാധാന പാലനങ്ങളിലൂടെ രോഗപ്പകർച്ചക്കെതിരെ പരിശ്രമിക്കുന്ന നിയമപാലകർക്കായും ദൈവമേ...

*പ്രതിവാക്യം* - **ഞങ്ങൾ അങ്ങേയ്ക്ക് സ്തോത്രം ചെയ്യുന്നു.**

*ലീഡർ* - ഈ കോവിഡ് കാലങ്ങളിൽ ഞങ്ങൾ അനുഭവിച്ച ദൈവ കരുതലിനായും, അകലങ്ങളിൽ ഇരിക്കുമ്പോൾത്തന്നെ കൂട്ടായ്മയുടെ ഇടങ്ങൾ ഒരുക്കുന്ന നവ മാധ്യമ സാധ്യതകൾക്കായും, പ്രതിസന്ധികളിൽ അരികിലെത്തിയ എല്ലാവർക്കായും ദൈവമേ....

*പ്രതിവാക്യം* - **ഞങ്ങൾ അങ്ങേയ്ക്ക് സ്തോത്രം ചെയ്യുന്നു.**

## മദ്ധ്യസ്ഥ പ്രാർത്ഥന

- നമ്മുടെ ഭദ്രാസനത്തിനുവേണ്ടി പ്രാർത്ഥിക്കാം, നേതൃത്വം നൽകുന്ന അഭിവന്ദ്യ തിരുമേനി, ഭദ്രാസനത്തിലെ പട്ടക്കാർ, സുവിശേഷകർ, വിശ്വാസസമൂഹം എന്നിവർക്കായി പ്രാർത്ഥിക്കാം.